# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155 - 26.03.2013-ലെ മറുപടിക്ക്

## കേന്ദ്രധനസഹായം


ചോദ്യം

ശ്രീ. എം. ഹംസ

ഉത്തരം

ശ്രീ. കെ. എം. മാണി

(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)


| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രധനസഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു; എത്ര രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിരുന്നത്;<br>(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;<br>(സി) ഓരോ ഇനത്തിനും എത്ര ധനസഹായം കിട്ടിയെന്നറിയിക്കുമോ ; | 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയകളുടെ ഭാഗമായി റവന്യൂ കമ്മി, ധനകമ്മി ഇവയിലെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി 12-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തു നല്കിയ കേന്ദ്ര ലോണിൽ 31.3.2012 വരെ ബാക്കി നില്പുണ്ടായിരുന്ന 2716 കോടി രൂപ എഴുതി തള്ളുവാൻ ആശ്യപ്പെട്ടിരുന്നു. റോഡുകളുടേയും ദേശീയപാതകളുടേയും വികസനത്തിനായി സംയോജിത റോഡ് വികസന പദ്ധതിയ്ക്കായി 500 മില്യൺ യു.എസ്.ഡോളറിന്റെ എ.ഡി.ബി. ധനസഹായവും കെ.എസ്.ടി.പി-2 പദ്ധതിയ്ക്കായി 1352 കോടി രൂപയുടെ ലോകബാങ്ക് ധനസഹായവും ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എൻ.എച്ച് ബൈപാസുകൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ അധിക ധനസഹായം കേന്ദ്ര ഗതാഗത മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനായി 2500 കോടി രൂപയുടെ ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA) യുടെ |

| | |
|---|---|
| | സഹായത്തിന് വേണ്ട ശുപാർശയ്ക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിനായി 3000 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഊർജ്ജ മേഖലയിലെ പരിഷ്ക്കരണങ്ങൾ, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ പെൻഷൻ ബാധ്യതയ്ക്കുള്ള സാമ്പത്തിക സഹായം, പവർഹൗസുകളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി 2000 കോടി രൂപയുടെ ധനസഹായത്തിന് ആവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവനവായ്പ ഇനത്തിൽ നൽകിയിട്ടുള്ള 458.86 കോടി രൂപ (മുതലിനത്തിൽ) എഴുതിത്തള്ളുന്നതിനായി ഹഡ്കോയ്ക്ക് നിർദ്ദേശം നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നു. ഗതാഗത രംഗത്തെ പരിഷ്ക്കാരങ്ങൾക്കും കെ.എസ്.ആർ.ടി.സി.യുടെ പുനരുജ്ജീവനത്തിനുമായി 960 കോടി രൂപ ക്യാപ്പിറ്റൽ ഗ്രാന്റ് ഇനത്തിൽ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസത്തിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത 250 കോടി രൂപ ഉൾപ്പെടെ 477.11 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഹാൻഡ്‌ലൂം മേഖലയ്ക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 3000 കോടി രൂപയുടെ വായ്പ എഴുതിതള്ളൽ പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ 215 പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്കും ഹാന്റെക്സിനും ലഭിക്കത്തക്കവിധം പദ്ധതിയുടെ വ്യവസ്ഥകളിൽ ഇളവ് വരുത്തണമെന്ന് |

| | |
|---|---|
| | അഭ്യർത്ഥിച്ചിട്ടുണ്ട്. വൻകിട ഡീസൽ ഉപഭോക്താക്കൾക്കുള്ള വിലനിയന്ത്രണം എടുത്തു കളഞ്ഞ കേന്ദ്രസർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നും അത് സാദ്ധ്യമല്ലായെങ്കിൽ കുറഞ്ഞപക്ഷം ഇതുമൂലമുള്ള വിലവദ്ധനവിൽ നിന്ന് പൊതു ഉപയുക്ത സർവ്വീസുകളായ കെ.എസ്.ആർ.ടി.സി, റയിൽവെ എന്നിവയെ ഒഴുവാക്കേണ്ടതാണെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനം, തുറമുഖ പദ്ധതികൾക്കായി വി.ജി.എഫ് സഹായം, കേരളത്തിൽ ഒരു ഇന്ത്യൻ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഇന്റർനാഷണൽ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് ആയുർവേദിക് റിസർച്ച്, ഇന്ത്യൻ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് ടെക്നോളജി എന്നിവയ്ക്കുള്ള സഹായത്തിനായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇടുക്കി പാക്കേജിന്റെ ഭാഗമായി ഇടുക്കി ജില്ലയെ ഒരു ക്ഷീര ജില്ലയാക്കി മാറ്റുന്നതിനുള്ള ഒരു ബൃഹത് പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കോൾ നീർത്തട വികസന പദ്ധതിക്കുവേണ്ടി കന്നുകാലി വളർത്തൽ, താറാവ് വളർത്തൽ തുടങ്ങിയ മൃഗസംരക്ഷണ പരിപാടികൾ ഉൾപ്പെടെ 9 കോടി രൂപയുടെ പദ്ധതി കൃഷി വകുപ്പ് സമർപ്പിക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഗോവർദ്ധിനി പ്രോജക്ട് 2013-2015 വർഷങ്ങളിലായി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ തുക 298.95 കോടി രൂപയാണ്. കേന്ദ്രവിഹിതമായി 95.83 കോടി രൂപക്കായി അഭ്യർത്ഥിച്ചിട്ടുണ്ട്. ടാഗോർ തീയേറ്റർ, സി-സേഫ് എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയുണ്ടായി. ഉടുമ്പൻചോല ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി, ഇന്റഗ്രേറ്റഡ് |

| | |
|---|---|
| | കോസ്റ്റൽ സോൺ മാനേജ്മെന്റ് പദ്ധതി,അവയർനസ് ആന്റ് ഫെമിലിയറൈസേഷൻ പ്രോഗ്രം ബേസ്ഡ് ഓൺ പീപ്പിൾ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ, ഏലൂർ-ചന്തിരൂർ കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നി പദ്ധതികൾ ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മേൽ ആവശ്യങ്ങളിൽ 12-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തു നല്കിയ കേന്ദ്ര ലോണിൽ 31.3.2012 വരെ ബാക്കി നില്പുണ്ടായിരുന്ന 2716 കോടി രൂപ എഴുതി തള്ളണമെന്ന ആവശ്യം കേന്ദ്രസർക്കാർ പരിഗണിക്കുകയുണ്ടായില്ല. കേരള അഗ്രികൾച്ചറൽ സർവ്വകലാ ശാലയ്ക്കായി 100 കോടി രൂപ 2012-13 ലെ കേന്ദ്ര ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്. തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി കേരളത്തിനും ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്കുമായി 75 കോടി രൂപ 2013-14 ലെ കേന്ദ്രബഡ്ജറ്റിൽ അധികമായി വകയിരുത്തിയിട്ടുണ്ട്. കൊച്ചി മെട്രോയ്ക്കായി 19 കോടി രൂപ നിക്ഷേപമായി അനുവദിച്ചു. 2013-14 ബഡ്ജറ്റിൽ 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ 9 കോടി രൂപയുടെ കോൾ നീർത്തട പദ്ധതിക്ക് കേന്ദ്രസർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകി. ടാഗോർ തിയേറ്ററിന് 24.60 കോടി രൂപയുടെ സഹായത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അരൂർ-ചന്തിരൂർ കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 6 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ടത്തിന് ലോകബാങ്ക് സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ബാക്കി ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| (ഡി) കേരളം നേരിടുന്ന അതീവഗുരുതരമായ വരൾച്ചാക്കെടുതി യിൽ നിന്നും രക്ഷ നേടുന്നതിനായി എത്ര തുകയുടെ പാക്കേജാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടി ട്ടുള്ളത്; വിശദാംശം നൽകുമോ; | വരൾച്ചാക്കെടുതി നേരിടുന്നതിനായി 3936.81 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) എത്ര തുക അനുവദിച്ചു; അനുവദിച്ചതിന്റെ വിശദാംശം വ്യക്ത മാക്കുമോ? | ഇതുവരെ കേന്ദ്രസർക്കാരിൽ നിന്നും ഈ ഇനത്തിൽ തുക ഒന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ